# ദേവിവിലാസം സ്കൂൾ

2025-26

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

വിദ്യാലയത്തിന്റെ പേര്:- ദേവി വിലാസം എ.യു.പി. സ്കൂൾ

വിലാസം — അരിയല്ലൂർ. പി.ഒ.

സ്കൂൾ കോഡ് — 19438

വിദ്യാഭ്യാസ ഉപജില്ല — പരപ്പനങ്ങാടി.

വിദ്യാഭ്യാസ ജില്ല. — തിരൂരങ്ങാടി.

റവന്യൂ ജില്ല — മലപ്പുറം.

ബി.ആർ.സി. — പരപ്പനങ്ങാടി.

സി.ആർ.സി. — അരിയല്ലൂർ.

ഗ്രാമപഞ്ചായത്ത് — വള്ളിക്കുന്ന്

ബ്ലോക്ക് പഞ്ചായത്ത് — തിരൂരങ്ങാടി.

ജില്ലാ പഞ്ചായത്ത് — മലപ്പുറം.

താലൂക്ക് — തിരൂരങ്ങാടി.

വില്ലേജ് — അരിയല്ലൂർ.

# ആമുഖം

1930-ൽ പ്രദേശത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ തൽപരരായ ഒരുകൂട്ടം ആളുകളുടെ ശ്രമഫലമായാണ് അരിമ്പൂർ ദേവി വിലാസം എൽ.പി സ്കൂൾ. വട്ടിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിമ്പൂർ വില്ലേജിൽ വട്ടിക്കുന്ന് റെയിൽവേ സ്റ്റേഷന് സമീപത്തായി വിദ്യാലയം സ്ഥിതി ചെയ്യുന്നു. [illegible].

പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ് വരെ [illegible] കുട്ടികൾ ഈ വിദ്യാലയത്തിൽ പഠനം നടത്തി വരുന്നു. വിദ്യാലയത്തിൽ നിന്നും പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളിൽ പലരും വിവിധ തൊഴിൽ മേഖലകളിൽ ഉന്നത സ്ഥാനം വഹിച്ചു വരുന്നു. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും പാഠ്യേതര പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ മുൻപന്തിയിൽ എത്തിക്കുന്നതിനും അധ്യാപകരും രക്ഷിതാക്കളും നാട്ടുകാരും കൂട്ടായ ശ്രമങ്ങൾ നടത്തിവരുന്നു

# വിദ്യാലയം - മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1. പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
2. ശുചിത്വം, ദീനാനുകമ്പ, ആത്മീയ മൂല്യങ്ങളും, മനോഭാവങ്ങളും ഉറപ്പുവരുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
3. ലോകത്തെവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിക്കുന്ന ഏതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുവെന്ന് ഉറപ്പാക്കൽ.

## പ്രതീക്ഷിത നേട്ടങ്ങൾ.

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- വിദ്യാലയ പ്രവേശനം രസകരമുള്ള ഉത്സവമാക്കുന്ന പ്രവർത്തനങ്ങൾക്ക് തുടക്കമിടാൻ കഴിയുന്നു.

| | Lkg | Ukg | 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|---|---|---|
| 2025-26. | 8 | 2 | 3 | 4 | 4 | 9 | 11 | 7 | 10 |

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

Std - I

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ഈ വർഷം മെയ് മാസം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നത്.

## ലക്ഷ്യങ്ങൾ

1. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാല സാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

2. എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.

3. ഒരു സംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനു കഴിവ് നേടുക.

4. തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.

5. കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷമതയും ഉറപ്പാക്കുക.

## ലക്ഷ്യം - 2

എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യ-ങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു നേടുമെന്നുറപ്പുവരുത്തുക.

ചിത്രങ്ങൾക്ക് രക്ഷിതാവിന്റെ സഹായത്തോടെ അടിക്കുറിപ്പെഴുതി, എല്ലാ ആഴ്ചയിലും പങ്കാളിത്ത പാഠങ്ങൾ [ചോദ്യങ്ങളിലൂടെ രൂപപ്പെടുത്തുന്ന ലളിത പാഠങ്ങൾ]

### ഡയറി എഴുത്ത്

സഹായത്തോടെ കഥ പൂരിപ്പിക്കൽ, കാർട്ടൂണുകൾക്ക് സംഭാഷണമെഴുതൽ

കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചനാ ശില്പശാലകൾ

വീഡിയോ പാഠങ്ങൾ - ലഘുവീഡിയോ പ്രദർ-ശിപ്പിച്ച് അതിൽ നിന്നും ചോദ്യങ്ങളിലൂടെ പങ്കാളിത്ത പാഠങ്ങൾ നിർമിക്കൽ.

# മലയാളം

| | |
|---|---|
| വായന | - ചിത്രവായന<br>- വിവിധതരം ചിത്രങ്ങൾ കാണിച്ച്<br>- വായനാമൂല ഒരുക്കൽ<br>- പത്രവായന<br>- വായനകാർഡ് തയ്യാറാക്കൽ |
| ലേഖനം | - ചിത്രങ്ങൾ നോക്കി പേര് എഴുതുന്നു<br>- സചിത്രബുക്ക്<br>- സംയുക്തഡയറി എഴുത്ത്<br>- ആവർത്തിച്ച് വരുന്ന അക്ഷരം കണ്ടെത്തുന്നു.<br>- ആ അക്ഷരം എഴുതുന്നു<br>- ആവർത്തിച്ച് വരുന്ന പദങ്ങൾ കണ്ടെത്തുന്നു. എഴുതുന്നു.<br>- സാങ്കൽപ്പിക ഡയറി എഴുതുന്നു.<br>- വരികൾ കൂട്ടിച്ചേർക്കുന്നു<br>- ചിത്രം നൽകി കഥ ഉണ്ടാക്കുന്നു<br>- സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു. |

## ലക്ഷ്യങ്ങൾ

- ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
- വിവിധതരം സസ്യങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു
- സസ്യങ്ങൾക്ക് വേര് തണ്ട് ഇല പൂവ് കായ ഉണ്ടെന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു.
- സാമ്യ വ്യത്യാസങ്ങൾ, നിറം, രുചി, ആകൃതി, മണം വലിപ്പം എന്നിവ കണ്ടെത്തുന്നു.
- പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് കണ്ടെത്തുന്നു.

## പ്രവർത്തനം

പ്രവർത്തനം – പ്രകൃതിനടത്തം, ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ – നിരീക്ഷണം.

- പല തരത്തിലുള്ള പൂക്കൾ പ്രദർശനം.
- സ്കൂളിൽ പൂന്തോട്ട നിർമ്മാണം.
- ചെടികളെ നിരീക്ഷിച്ച് ഭാഗങ്ങൾ കണ്ടെത്തുന്നു.
- പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുകൾ, പൂക്കൾ എന്നിവ കൊണ്ടുവരുന്നു. ഓരോന്നിന്റെയും ഏത് ഭാഗമാണ് ഭക്ഷണയോഗ്യമെന്ന് കണ്ടെത്തുന്നു.
- അടുക്കളത്തോട്ടം നിർമ്മാണം – രക്ഷിതാവിന്റെ സഹായത്തോടെ. [ജൂൺ, ഡിസംബർ, മാർച്ച്]

മേഖല - ഗണിതം
Std - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | (1) ഗണിതമാഗസിൻ<br>(2) ജ്യാമിതിയരൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br>(3) ഗണിതക്യാമ്പ് ഗണിതപ്രവർത്തനങ്ങൾ [കളിയിലൂടെ] | ജൂൺ-മാർച്ച്<br>സെപ്തംബർ<br>മാസത്തിൽ ഒന്നുവീതം | ക്ലാസ് ടീച്ചർ | SSA |

മലയാളം അക്ഷരമാലാ പരിശീലനം

വർക്ക്ഷീറ്റ്, മൊബൈൽ ആപ്പുകൾ, ചിഹ്നങ്ങൾ ഉപയോഗിച്ച്, അക്ഷരകാർഡുകൾ, ചിഹ്നങ്ങൾ

കഥ പറയൽ സെഷൻ – ടീച്ചറും കുട്ടികളും ഒരുമിച്ച് കഥവായന, കുട്ടികളുടേതായ ഭാഷയിൽ കഥ പറയാൻ അവസരം നൽകി പ്രോത്സാഹിപ്പിക്കൽ

കുട്ടിപ്പാട്ടുകൾ – കുട്ടിപ്പാട്ടുകൾ പാടിയും പാടിപ്പിച്ചും പഠനം രസകരമാക്കുന്നു.

ചിത്രവായന – കുട്ടികളെ ചിത്രങ്ങൾ കാണിച്ചു കൊടുത്ത ചിത്രത്തെക്കുറിച്ച് പറയിപ്പിക്കുന്നു.

വിലയിരുത്തൽ –

- ആഴ്ചയിൽ ക്വിസ് പരിപാടി –
- ആഴ്ചയിൽ ക്വിസ് പരിപാടി വിലയിരുത്തൽ
- കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തൽ
- ഇനിയും പുരോഗതി വേണ്ട കാര്യങ്ങളുടെ Record ഉണ്ടാക്കി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.

രക്ഷിതാവും ടീച്ചറും തമ്മിലുള്ള ആശയ വിനിമയം

- മാസത്തിൽ ഒരിക്കൽ നടക്കുന്ന മീറ്റിംഗിൽ പങ്കെടുക്കുകയും ചർച്ചകൾ നടത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നു.

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വന്തമായി എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.

ജൂൺ - കളികളിലൂടെ ചിത്രവായന

- വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനക്ക് കുട്ടികളെ പ്രാപ്തരാക്കുക.
- നിറങ്ങൾ നൽകാൻ അവസരം ഒരുക്കൽ [worksheet]
- ചിത്ര കാർഡുകൾ, ഡിജിറ്റൽ വായനാകാർഡുകൾ
- രക്ഷിതാക്കളുടെ സഹായത്തോടെ വായനാ സാമഗ്രികൾ തയ്യാറാക്കൽ

ജൂലൈ

- അക്ഷരചാർട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ
- ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു.
- ക്ലാസ് ലൈബ്രറി ഒരുക്കൽ
- വായനാമൂല ഒരുക്കൽ

ആഗസ്റ്റ് -

- ചിത്രവായനാകാർഡുകൾ തയ്യാറാക്കൽ
- അക്ഷരചാർട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന പദങ്ങൾ, അക്ഷരങ്ങൾ ഉറപ്പിക്കൽ
- ആവർത്തിച്ചു വരുന്ന പദങ്ങൾക്ക് വട്ടം വരക്കൽ
- സ്വാതന്ത്ര്യ ദിനക്വിസ് - ചോദ്യങ്ങൾ കൊടുത്തു കൊണ്ട്.

സെപ്റ്റംബർ

- ചിഹ്നങ്ങൾ ഉറപ്പിക്കാൻ കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു.
- ലളിതമായ വായനാകാർഡുകൾ വായിക്കുന്നു.

ഒക്ടോബർ

- ചെറുവാക്യങ്ങൾ കണ്ടെത്തുന്നു, വായിക്കുന്നു
- വായനോത്സവം സംഘടിപ്പിക്കൽ
- ആസ്വാദനാത്മകമായ വായന നടത്തൽ
- എന്റെ വായന സമ്മാനം – പിറന്നാളിന് പുസ്തകം ലൈബ്രറിയിൽ നൽകൽ

നവംബർ

- വരികൾ കൂട്ടിച്ചേർക്കൽ
- പത്ര വായനക്ക് അവസരം

ഡിസംബർ

- ചെറുവിവരണങ്ങൾ കുട്ടി സ്വന്തമായി തയ്യാറാക്കൽ
- മാഗസിൻ നിർമ്മാണം.

ജനുവരി –

- ചിത്രകഥ
- ചിത്രങ്ങൾ നോക്കി കഥ എഴുതാൻ ശ്രമിക്കുന്നു

ഫെബ്രുവരി

- ഇ - വായന സാധ്യത കണ്ടെത്തൽ, ICT സാധ്യതകൾ ഉപയോഗിക്കൽ

മാർച്ച് – കുട്ടികൾ തയ്യാറാക്കിയ കഥ, കവിത പ്രകാശനം
കുട്ടി വായന നവമാധ്യമങ്ങളിൽ
നാടകവായന – കുട്ടി വായന നവമാധ്യമങ്ങളിൽ
പങ്കിടുന്നു, അമ്മ വായന, വീട്ടുവായന –
നവമാധ്യമങ്ങളിൽ പങ്കുവെക്കൽ
വീഡിയോ – നവമാധ്യമങ്ങളിൽ പങ്കുവെക്കൽ